വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കണ്ണൂർ വയൽ ഗവൺമെന്റ് എൽ. പി. സ്കൂൾ ഇപ്പോൾ ഒരു മദ്രസയിലാണ് നടത്തിവരുന്നത്. ആ സ്കൂളിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്തുവരുകയാണ്. എത്രയും വേഗം അവിടെ കെട്ടിടം പണിചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതാണ്.

(2) വ്യവസായവകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ സേവന–വേതന വ്യവസ്ഥകൾ

ശ്രീ. കെ. പി. എ. മജീദ്: സർ, വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർ ഇന്ന് ഒരു സമരത്തിന്റെ വക്കിലാണ്. ദീർഘകാലമായി അവർ ഉന്നയിച്ചുവരുന്ന മിതവും ന്യായവുമായ ചില ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടുള്ള പ്രക്ഷോഭണത്തിന്റെ പരിപാടിയാണ് അവർ സംഘടിപ്പിച്ചിട്ടുള്ളത്. വർഷങ്ങളായി അവർ ഉന്നയിച്ചുവരുന്ന ചില ആവശ്യങ്ങൾ ഗവൺമെന്റ് അംഗീകരിക്കാത്തതുകൊണ്ടുമാണ് അവർ സമരത്തിലേക്ക് ഇറങ്ങിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് സഹകരണരജിസ്ട്രാറുടെ കീഴിലുള്ള സഹകരണ സംഘത്തിൽ, അതിലെ ജീവനക്കാർക്ക് സേവന-വേതന വ്യവസ്ഥകളിലും മറ്റ് ആനുകൂല്യങ്ങൾക്കും അതിന്റെ വ്യവസ്ഥാപിതമായുള്ള ഉത്തരവുകൾപ്രകാരം നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. എന്നാൽ സഹകരണസംഘ ചട്ടങ്ങളിലെ സെക്ഷൻ 80 പ്രകാരമുള്ള പരിരക്ഷയും സംരക്ഷണവും ആനുകൂല്യങ്ങളും കേരളത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള സഹകരണസംഘങ്ങൾക്ക് ഇതുവരെ ലഭ്യമായിട്ടില്ല. അതുകൊണ്ട് കേരളത്തിലെ സഹകരണരംഗത്തു പ്രവർത്തിക്കുന്ന വ്യവസായ വകുപ്പിലെ സഹകരണസംഘങ്ങളിലും, രജിസ്ട്രാറുടെ കൺട്രോളിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർക്കും വ്യത്യസ്തമായ രീതിയിലുള്ള ആനുകൂല്യങ്ങളും മറ്റ് നടപടികളുമാണ് ഇന്ന് ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് ഈ വ്യവസായ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഇന്നേവരെ ശരിയായ രീതിയിലുള്ള വേതന പരിഷ്കരണനിയമമോ, സേവന വ്യവസ്ഥയോ, മെഡിക്കൽ അലവൻസോ അതുപോലുള്ള യാതൊരു വിധ ആനുകൂല്യവും ഇന്നുവരെ ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ വ്യവസായ സഹകരണസംഘങ്ങളിലെ ജീവനക്കാർക്ക് കൂടി സെക്ഷൻ 80–ന്റെ പരിരക്ഷയിൽകൊണ്ടുവരാനും, സെക്ഷൻ 80–ൽ നൽകിയിട്ടുള്ള ആനുകൂല്യങ്ങളും ജോലി സ്ഥിരതയും എല്ലാംതന്നെയും സഹകരണ വകുപ്പു ചട്ടമുപയോഗിച്ച്, സെക്ഷൻ 80 അവർക്കുകൂടി ബാധകമാക്കുന്നതിനുവേണ്ടിയാണ് കഴിഞ്ഞ കാലങ്ങളിൽ ഈ വിഭാഗത്തിലെ ജീവനക്കാർ സമരം നടത്തിയിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഈ കാര്യത്തിൽ ഉദാരമായ ഒരു സമീപനം സ്വീകരിക്കുന്നതിനും, ഈ രംഗത്ത് സഹകരണ ജീവനക്കാരെ മറ്റ് സഹകരണസംഘങ്ങളിലെ ജീവനക്കാരെപ്പോലെ അവർക്കുകൂടി സെക്ഷൻ 80–ന്റെ പരിരക്ഷയും ആനുകൂല്യങ്ങളും ജോലി സ്ഥിരതയും ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ ഉണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട കെ. പി. എ: മജീദ് പറഞ്ഞ ഈ ആവശ്യം കഴിഞ്ഞ കുറേക്കാലമായി സഹകരണപ്രവർത്തനങ്ങളും നടത്തുന്ന പല ഡിപ്പാർട്ടുമെൻറുകളും ഗവൺമെൻറിൻെറ ശ്രദ്ധയിലാണ്. സഹകരണസംഘം രജിസ്ട്രാറുടെ കീഴിലും വാണിജ്യ വ്യവസായ വകുപ്പ് ഡയറക്ടറുടെ കീഴിലുമായിട്ടാണ് സഹകരണസംഘങ്ങളും ഇന്ന് പ്രവർത്തിക്കുന്നത്. ഈ സംഘങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ വേതന വ്യവസ്ഥയെ സഹകരണസംഘം ആക്ടിലെ 80–ാം വകുപ്പ് അനുശാസിക്കുന്ന ആനുകൂല്യങ്ങളും ലഭിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യം ഈ ഗവൺമെൻറ് പരിശോധിച്ച് അതിൻെറ ആവശ്യം അംഗീകരിക്കുന്നതിൽ ന്യായമുണ്ടെന്ന് മനസ്സിലാക്കി. അതനുസരിച്ച് സഹകരണസംഘം രജിസ്ട്രാറുടെ അധികാരപരിധിയിലുള്ള ജീവനക്കാരുടെ കാര്യത്തിൽ വേതനം അനുവദിച്ചുകൊണ്ട് തീരുമാനമുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ ജീവനക്കാരെ രണ്ടുതരമായി കാണാതെ വ്യവസായ വകുപ്പിൻെറ കീഴിലുള്ള സഹകരണസംഘങ്ങളിലെ ജീവനക്കാർക്കും ഇതേ ആനുകൂല്യം കഴിയുന്നത്ര വേഗം നൽകണമെന്ന രീതിയിൽ നടപടികളും എടുക്കുന്നതാണ്. ഈ സർക്കാർ ജീവനക്കാരുടെ മിതവും ന്യായവുമായ എല്ലാ അവകാശങ്ങളും യഥാവസരം നൽകിയിട്ടുണ്ട്, നൽകാൻ നടപടികളും എടുക്കുന്നതാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് യാതൊരാശങ്കയും വേണ്ട. പക്ഷേ ഭരണപരമായ ചില കാരണങ്ങൾകൊണ്ടും മാറും ഉണ്ടായ കാലതാമസം മാത്രമാണ്. അത് കഴിയുന്നതും ലഘൂകരിച്ച് നടപടിയെടുക്കാൻ ശ്രമിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

(3) പുനലൂരിലെ താലൂക്കാശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, പുനലൂർ ഗവൺമെൻറ് ആശുപത്രിയുടെ ശോചനീയാവസ്ഥ ഞാൻ സഭയിൽ പല പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. സർ, ഒരിക്കൽകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ഞാൻ ഇതിലേയ്ക്ക് ക്ഷണിക്കുകയാണ്. കേരളപ്പിറവിയ്ക്ക് മുമ്പായിതന്നെ പുനലൂരിൽ ഒരു പെൽത്ത് സബ് സെൻറർ ഉണ്ടായിരുന്നു. കേരളപ്പിറവിയോടൊപ്പം പത്തനാപുരം താലൂക്കിൻെറ ഹെഡ്ക്വാർട്ടേഴ്സ് പുനലൂർ ആയപ്പോൾ അത് ഒരു താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ടു. സർ, താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ടതിനുശേഷം ഒരു താലൂക്ക് ആശുപത്രിയ്ക്കുവേണ്ട യാതൊരുവിധ സൗകര്യങ്ങളും അവിടെ ചെയ്തുകൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അവിടെ ആവശ്യമുള്ള മരുന്നുകൾ ഇല്ല, ആവശ്യമായ കിടക്കകൾ ഇല്ല. ആവശ്യമായ സ്റ്റാഫും ഇല്ല. അവിടെ വൈദ്യുതി തകരാറിലായിട്ട് വളരെ നാളുകളായി. സ്ത്രീകൾ മാത്രം കിടക്കുന്ന ഒരു പ്രസവവാർഡ് 25 വർഷംമുമ്പ് വയറിംഗ് ചെയ്തതാണ്. ആ വയറിങ്ങെല്ലാം ഇളകിക്ഴിഞ്ഞതിനുശേഷം ഇന്ന് രാത്രികാലങ്ങളിൽ അവിടെ വെളിച്ചം കിട്ടാൻ സാധിക്കാത്ത ഒരു സാഹചര്യമാണുള്ളത്. അവിടെയുള്ള കുടിവെള്ളത്തിൻെറ ബുദ്ധിമുട്ട് പലപ്പോഴും ഞാൻതന്നെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിനെ അറിയിച്ചിട്ടുള്ളതാണ്. കുടിവെള്ളത്തിൻെറ തകരാറ് പലപ്പോഴും ഇവിടെ ഉണ്ടാകാറുണ്ട്. പി. എച്ച്. ഇ. ഡി. യുടെ വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിലുള്ള ജലസംഭരണിയിൽനിന്ന് ഒരു

LIBRARY ARCHIVES Kerala Legislative Assembly